ഉത്തരം

(എ) വിവിധ സ്വയംതൊഴിൽ പദ്ധതികളിലൂടെ 1253 പേർക്ക് തൊഴിൽ ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) 6.31 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) കോർപ്പറേഷൻ 31-12-1995-ാം തീയതി അപേക്ഷ ലഭിക്കേണ്ട അവസാന തീയതിയായി ആദ്യം അപേക്ഷ ക്ഷണിച്ചിരുന്നു. പിന്നീട് 15-2-1996 അവസാന തീയതിയായി 5 പദ്ധതികൾക്ക് അപേക്ഷ ക്ഷണിച്ചിരുന്നു. ഇതനുസരിച്ച് പതിനയ്യായിരത്തോളം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ലഭിച്ചിട്ടുള്ള അപേക്ഷകളിൽനിന്നും വായ്പ അനുവദിക്കുന്നതിനായി അർഹരായ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കി ഓരോ പദ്ധതിയുടെയും വിശദമായ പ്രോജക്ട് റിപ്പോർട്ടിനോടൊപ്പം ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന് അയച്ചുകൊടുത്തിട്ടുണ്ട്. ഈ അപേക്ഷകരിൽനിന്നും ആർക്കും ഇതുവരെ വായ്പ അനുവദിച്ചിട്ടില്ല.

ഗിരിജനങ്ങൾക്കായി തൊഴിലവസരങ്ങൾ

80 [1680] ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ്-പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗിരിജനങ്ങൾക്കായി തൊഴിലധിഷ്ഠിത പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം വിഷയങ്ങളിലാണ് ഇവിടെ പരിശീലനം നൽകുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇതുവരെ എത്ര പേർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ഗിരിജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സംസ്ഥാന ഫാമിംഗ് കോർപ്പറേഷൻ ഈ വർഷം എന്തെല്ലാം പുതിയ വ്യവസായങ്ങൾ തുടങ്ങിയെന്ന് വ്യക്തമാക്കുമോ;

(എഫ്) ഇതുമൂലം എത്ര ഗിരിജനങ്ങൾക്ക് തൊഴിൽ ലഭിച്ചു;

(ജി) ഇതിനുവേണ്ടി ഏതെല്ലാം വ്യവസായങ്ങൾ എവിടെയെല്ലാം തുടങ്ങിയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിലെ പെട്ടിയാംപാറയിൽ.

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്പോൾ ഇലക്ട്രീഷ്യൻ ട്രേഡിൽ പരിശീലനം നൽകി വരുന്നു.

(ഡി) 16 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി വരുന്നു.

(ഇ) ഗിരിജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ വേണ്ടി സംസ്ഥാന ഫാമിംഗ് കോർപ്പറേഷൻ 1995-ൽ കുട നിർമ്മാണ ഫാക്ടറി തുടങ്ങിയിട്ടുണ്ട്.

(എഫ്) 6 ഗിരിജനങ്ങൾക്ക് തൊഴിൽ ലഭിച്ചു.

(ജി) കുട നിർമ്മാണ ഫാക്ടറി പത്തനംതിട്ട ജില്ലയിൽ കലഞ്ഞൂരിനടുത്ത് വാഴപ്പാറ എന്ന സ്ഥലത്താണ് തുടങ്ങിയിട്ടുള്ളത്.

അവശൈ്രകസ്തവ ശുപാർശിത സമുദായ കോർപ്പറേഷൻ

81 [1681] ശ്രീ. ജോർജ് മസ്ക്രീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ്-പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശൈ്രകസ്തവ ശുപാർശിത സമുദായ കോർപ്പറേഷൻ 1995-96 സാമ്പത്തികവർഷം ഡീസൽ ടാക്സികാർ വായ്പക്ക് അപേക്ഷ ക്ഷണിച്ചിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത വായ്പക്ക് എത്ര പേർ അപേക്ഷ സമർപ്പിച്ചിരുന്നു;

(സി) ആർക്കെങ്കിലും നാളിതുവരെയായി പ്രസ്തുത വായ്പ അനുവദിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വായ്പ ലഭിച്ചവരുടെ പേരുവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ക്ഷണിച്ചിരുന്നു.

(ബി) അറുപത്തിയഞ്ചുപേർ.

(സി) ഉണ്ട്. പന്ത്രണ്ടു പേർക്ക്.

(ഡി) വായ്പ ലഭിച്ചവരുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

സംസ്ഥാനത്തെ അംബേദ്കർ ഗ്രാമങ്ങൾ

82 [1682] ശ്രീ. ടി. വി. ചന്ദ്രമോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ്-പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് അംബേദ്കർ ഗ്രാമങ്ങൾ ഉള്ളതെന്ന് വ്യക്തമാക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 80 (1680) കാണുക]

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ വിതരണം ചെയ്ത വായ്പയുടെ വിവരം ജില്ല തിരിച്ചുള്ള കണക്കുകൾ

ക്രമ നമ്പർ	ജില്ല	ചെലവഴിച്ച തുക (ലക്ഷത്തിൽ)
(1)	(2)	(3)
1.	തിരുവനന്തപുരം	189·804
2.	കൊല്ലം	61·684
3.	പത്തനംതിട്ട	25·143
4.	ആലപ്പുഴ	98·868
5.	കോട്ടയം	59·514
6.	ഇടുക്കി	32·509
7.	എറണാകുളം	51·157
8.	തൃശ്ശൂർ	17·592
9.	പാലക്കാട്	23·817
10.	മലപ്പുറം	25·215
11.	കോഴിക്കോട്	20·408
12.	വയനാട്	5·761
13.	കണ്ണൂർ	13·113
14.	കാസർഗോഡ്	6·853
	ആകെ	631·738

LIBRARY ARCHIVES Kerala Legislative Assembly